മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും വിമാനയാത്ര

8 [8] ശ്രീ. ടി. കെ.ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ മുഖ്യമന്ത്രിയും മന്ത്രിമാരും എത്ര തവണ ഡൽഹി സന്ദർശിക്കുകയുണ്ടായി; വിദേശ യാത്രകളെത്ര;

(ബി) ഇതിൽ ഔദ്യോഗികമല്ലാത്ത സന്ദർശനങ്ങൾ ഉണ്ടായിരുന്നുവോ; എങ്കിൽ ആരെല്ലാം ഏതെല്ലാം ദിവസങ്ങളിൽ ഡൽഹിയിൽ അനൗദ്യോഗിക സന്ദർശനം നടത്തുകയുണ്ടായി;

(സി) മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ഇതേവരെ വിമാനയാത്രയ്ക്ക് ചെലവായ മൊത്തം തുക സംബന്ധിച്ച വിശദമായ കണക്കുകൾ വെളിപ്പെടുത്താമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവർക്ക്, ഏതെല്ലാം ഇനത്തിൽ എത്ര തുകവീതം ഖജനാവിൽനിന്നും മൊത്തം ചെലവായിട്ടുണ്ടെന്ന് ഇനംതിരിച്ച് വെളിപ്പെടുത്താമോ?

ഉത്തരം

(എ) അനുബന്ധം 1-ൽ രേഖപ്പെടുത്തിയിരിക്കുന്നു.† വിദേശയാത്രകൾ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) അനുബന്ധം 1-ൽ രേഖപ്പെടുത്തിയിരിക്കുന്നു.†

(ഡി) അനുബന്ധം 2-ൽ രേഖപ്പെടുത്തിയിരിക്കുന്നു.††

പെരുമാറ്റച്ചട്ട ലംഘനം

9 [9] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്റ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റചട്ടം നിലവിൽ വന്നതിനുശേഷം അവസാനിക്കുന്നതുവരെ സംസ്ഥാനത്തെ മന്ത്രിമാരും, മുഖ്യമന്ത്രിയും ഔദ്യോഗിക സന്ദർശനങ്ങൾ കേരളത്തിനകത്തും പുറത്തും നടത്തുകയുണ്ടായോ;

---

†, †† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ഈ കാലയളവിൽ യാത്രയ്ക്കും അതുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾക്കും ഖജനാവിൽനിന്നും ചെലവായിട്ടുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) മുഖ്യമന്ത്രിയോ, മന്ത്രിമാർ ആരെങ്കിലുമോ, തെരഞ്ഞെടുപ്പ് പെരുമാറ്റ ച്ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചു എന്നനിലയിൽ വല്ല പരാതിയും തെരഞ്ഞെടുപ്പ് കമ്മീഷന് ലഭിക്കുകയുണ്ടായോ, എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) മുഖ്യമന്ത്രി നടത്തിയ നവചേതന യാത്രയിൽ ഔദ്യോഗികപദവി ദുരുപയോഗപ്പെടുത്തുന്നതായും, വരൾച്ച ദുരിതാശ്വാസ പദ്ധതികൾ പ്രഖ്യാപിക്കുന്നതായും രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. കൂടാതെ വ്യവസായ വകുപ്പുമന്ത്രി ഔദ്യോഗിക വാഹനത്തിൽ കോഴിക്കോട്ടേക്കു നടത്തിയ ഒരു യാത്രയെപ്പറ്റിയും മറ്റൊരു പരാതി ലഭിക്കുകയുണ്ടായി. ഇവയെപ്പറ്റി നടത്തിയ അന്വേഷണത്തിൽ പ്രസ്തുത പരാതികളിൽ കഴമ്പില്ലായെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ തുടർനടപടി ആവശ്യമായി വന്നിട്ടില്ല.

തെരഞ്ഞെടുപ്പ് ചട്ടം നിലവിൽ വന്നശേഷം നടത്തിയ പ്രഖ്യാപനങ്ങൾ

10 [10] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്റ് തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനുശേഷം തെരഞ്ഞെടുപ്പ് ചട്ടം നിലവിൽ ഉണ്ടായിരുന്ന കാലയളവിൽ മുഖ്യമന്ത്രിയും മന്ത്രിമാരും സംസ്ഥാനത്തെ പൊതുവായ ഭരണ കാര്യങ്ങളുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രഖ്യാപനങ്ങൾ നടത്തുകയുണ്ടായിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(ബി) ഈ കാലയളവിൽ മുഖ്യമന്ത്രിയും മന്ത്രിമാരും ക്യാബിനറ്റ് യോഗത്തിനുശേഷമുള്ള പത്രസമ്മേളനങ്ങളിലും മറ്റുമായി നടത്തിയ ഔദ്യോഗിക പ്രഖ്യാപനങ്ങളിൽ ഇനിയും നടപ്പിലാക്കാൻ അവശേഷിക്കുന്നവ ഏതെല്ലാമാണെന്നും ഇതിനകം നടപ്പിലാക്കിയവ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനുശേഷം മുഖ്യമന്ത്രിയും മന്ത്രിമാരും സംസ്ഥാനത്തിന്റെ ദൈനംദിന ഭരണ കാര്യങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ വിശദീകരിക്കുകയല്ലാതെ തെരഞ്ഞെടുപ്പു ചട്ടങ്ങൾക്കു വിരുദ്ധമായ പ്രഖ്യാപനങ്ങളൊന്നും നടത്തിയിട്ടില്ല. ഇത്തരം തീരുമാനങ്ങളിൻമേൽ അതാതു വകുപ്പുകൾ തുടർനടപടികൾ കൈക്കൊള്ളുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly